KOTTAYAM PUBLIC LIBRARY

Call No MA2 Acc. No [illegible]A44

Author [illegible], സി. [illegible]

Title സ്തുതിശതകം.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

[illegible]

[illegible]

# സ്തുതിശതകം.


കേരളവർമ്മ സി. എസ്. ഐ.

എഫ്. എം. യൂ., എം ആർ. ഏ. എസ്സ്., എഫ്. ആർ. ഹിസ്റ്റ്.

എസ്. എഫ്. എൻ. ബി. എ. എം. ആർ. എസ്സ്. എ.

എം. ഈ. ഐ. എ. ഏ. എം. ഐ. എസ്.

വലിയ കോയിത്തമ്പുരാൻ.

(പരപ്പനാട്ടു വലിയ രാജാവു്.)



1A10
.5



ബി. വി. ബുക്കു് ഡിപ്പോ.

തിരുവനന്തപുരം.

# സ്തുതിശതകം.

13444

കേരളവൎമ്മ സി. എസ്സ്. ഐ.
വലിയ കോയിത്തമ്പുരാൻ.

ALALAYA BOOK
POST BOX 82

പ്രകടനാധികൃതൻ,
കുളക്കുന്നത്തു് രാമൻ മേനോൻ.

ബി. വി. ബുക്ക ഡിപ്പൊ.
തിരുവനന്തപുരം.

(പകൎപ്പവകാശം)

വില] [അണ ൮

★ NATIONAL BOOK STALL ★
SPCS LTD.
KOTTAYAM

പ്രകടനാധികൃതന്റെ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിൎമ്മിതമാണു്.

തിരുവനന്തപുരം

## ബി. വി. ബുക്കു ഡിപ്പൊ

പ്രവൎത്തകന്മാൎക്കു വേണ്ടി

ആലപ്പുഴ, "കേരളസന്താനം" പ്രസ്സിൽ

അച്ചടിച്ചതു്.

---

ഒന്നാം പതിപ്പു്.

---

(കാപ്പി 1000.)

1089.

# അവതാരിക.

നാം നമ്മുടെ മുന്നിൽ സുസ്ഥിരമായി കാണുന്ന ഏകച്ഛത്രാധിപത്യം രണ്ടുമാത്രമാണു്. ഇൻഡ്യാസാമ്രാജ്യത്തിന്റെ മേൽ അഞ്ചാം ജോൎജ്ജു ചക്രവൎത്തികളുള്ളതു് ഒന്നു്; കേരളസാഹിത്യസാമ്രാജ്യത്തിന്റെ മേൽ കേരളവൎമ്മവലിയ കോയിത്തമ്പുരാൻ തിരുമനസ്സിലോടുള്ളതു് മറേറതു്. മൂന്നാമതു് ഒരു ഏകച്ഛത്രാധിപത്യം ഇങ്ങനെ നമ്മുടെ കണ്ണിൽ തന്നെ പുലൎന്നു നാം അറിയുമാറില്ല.

കേരളത്തിൽ സൎവ്വാധികാരമെന്നുള്ളതു് ആൎക്കും ഒരുകാലത്തും ഒരു വിഷയത്തിലും തന്നെ ഉണ്ടായിട്ടുള്ളതല്ല. പൌരാണികകാലത്തെ പെരുമാക്കന്മാരെ ചരിത്രരംഗത്തിൽനിന്നു് മറയ്ക്കുന്ന യവനികയ്ക്കു സാമാന്യത്തിലധികം ഘനമുണ്ടു്. അതുയൎത്തി അപ്പുറത്തേയ്ക്കു എത്തിനോക്കുവാൻ നമ്മെക്കൊണ്ടു് സാധിക്കയില്ല. അതു കഴിഞ്ഞാൽ പിന്നെ നാം കാണുന്നതു് അതതു കാലത്തിനു് നൂറു രാജാക്കന്മാരേയാണു്. രാജ്യത്തോടുള്ള സഹവാസത്തിന്റെ ഫലം ഭാഷയ്ക്കും സിദ്ധിക്കാതെ കഴികയില്ലല്ലോ. തെക്കൻ കവിത വടക്കൎക്കു് തിക്തകം കഷായമാണെങ്കിൽ വടക്കൻ കവിത തെക്കൎക്കു് കൊയ്നാപ്പൊടിയാണു്. ഇങ്ങനെയുള്ള കേരളത്തിലെ സാഹിത്യസാമ്രാജ്യത്തിൽ എങ്ങനെയാണു് നമ്മുടെ തിരുമേനിക്കു് സാൎവ്വഭൌമത്വം സിദ്ധിച്ചതു്? ഇതാണു് പത്തൊൻപതാം നൂററാണ്ടിലെ അത്ഭുതസംഭവം.

ഞാനെന്തു പറഞ്ഞു? സകലം തെററി. തിരുമനസ്സി-

ലെ സാഹിത്യദിഗ്വിജയത്തെ ഒരത്ഭുതസംഭവമായിആ
രും കരുതുന്നതല്ല. എന്നാൽ അതിനുള്ള ആദികാരണ
ത്തെ—അതായത് ലോകത്തിൽ പരസ്പരസ്പർദ്ധികളെന്നു
പ്രസിദ്ധങ്ങളായ പല സൽഗുണങ്ങൾക്കുമുള്ള ഏകത്ര-
സമ്മേളനത്തെ-ഒരത്ഭുത സംഭവമായി ആക്കും കരുതാ-
തെയിരിപ്പാൻ നിവൃത്തിയില്ല. കാരണത്തിനുള്ള പൌ
ഷ്കല്യം ഇങ്ങനെയിരിക്കുമ്പോൾ കാര്യത്തിൻെറ ഫലാ
ശം ഈ വിധത്തിലല്ലെങ്കിൽ അതായിരിക്കും വിശേഷോ-
ക്ത്യലങ്കാരത്തിനു ഒരു മൂർദ്ധാഭിഷേകോദാഹരണം.

ഗുണങ്ങളുടെ സാമഗ്ര്യവിധിയിൽ വിശ്വസൃട്ടിൻെറ
പ്രവൃത്തി പരാങ്മുഖിയാണെന്നുള്ള തത്വം കാളിദാസ-
മഹാകവി നമ്മെ ചെറുപ്പത്തിൽ തന്നെ പഠിപ്പിച്ചിട്ടു-
ണ്ട്. എന്നാൽ ലോകത്തിലെ നിയമങ്ങൾക്കൊക്കയും
അവസരംപോലെ ചില വ്യത്യസ്തങ്ങളും കല്പിക്കാതെ ക-
ഴികയില്ലെന്നു അദ്ദേഹം തന്നെ സമ്മതിച്ചിട്ടുള്ളതാണ്.
'ഏകത്ര സൌന്ദര്യദിദൃക്ഷയേവ' എന്നൊരു സമാധാ-.
നം പാർവതീദേവിയുടെ സമഗ്രസൗന്ദര്യവർണ്ണനത്തിൽ
അദ്ദേഹത്തിനുണ്ടായി. അതുപോലെ 'ഏകത്ര സൽ-
ഗുണനിരീക്ഷണകാംക്ഷയേവ' എന്നൊരു സമാധാ-
നം തിരുമേനിയുടെ സമഗ്രസ്വഭാവവർണ്ണനത്തിൽ നമു-
ക്കും ഉണ്ടായേ കഴിയൂ. അല്ലെങ്കിൽ ബ്രഹ്മസൃഷ്ടിയുടെ
അപൂർണ്ണതയേയും തിരുമനസ്സിലെ ഗുണപൌഷ്കല്യത്തെ
യും തമ്മിൽ യോജിപ്പിക്കുവാൻ യാതൊരു മാർഗ്ഗവുമി-
ല്ലാതെ വന്നേക്കും.

കേരളവർമ്മപഞ്ചാക്ഷരിയുടെ മാഹാത്മ്യത്തിനും
അപ്രഗൽഭമായ എൻെറ ലെഖനിക്കും തമ്മിലുള്ള അ-

ന്തരം ഏകദേശം ദക്ഷിണോത്തരധ്രുവങ്ങളുടെതാണെന്നു എനിക്കു നല്ലപോലെ അറിയാം: തിരുമനസ്സിലെ ഗുണവിശേഷങ്ങളെ വൎണ്ണിക്കുന്നതിനു ഞാൻ അശക്തനാണെന്നുള്ള ബോധം എന്നെ ബലമായി 'പിന്നിൽ നിന്നിട്ടിടയിടയിൽ വലിക്കുന്നു'ണ്ടെങ്കിൽ അവിടത്തെ നേക്കുള്ള ഭക്തിപ്രാചുൎയ്യം 'ഒന്നങ്ങടുക്കൽ ചെന്നോക്കാ' എന്നു 'പലപാടി പറയുന്നൊരു നിൎബ്ബന്ധത്തി'നും ഞാൻ വശംവദനാകുന്നുണ്ടു്. 'തൽഗുണൈഃ കൎണ്ണമാഗത്യ' എന്നു ദിലീപാദിചക്രവൎത്തികളെ പററി കാളിദാസൎക്കു പറയേണ്ടിവന്നുള്ളു. പ്രതിനിമിഷം തിരുമനസ്സിലെ ഗുണഗണങ്ങളെ കേട്ടും കണ്ടും പോരാ—സ്പൎശിച്ചും ആസ്വദിച്ചും—വരുന്ന ഞാൻ 'തൽഗുണൈഃ' എന്നുകഴിഞ്ഞിട്ടു 'ചാപലായ പ്രചോദിതഃ' എന്നുപറയുന്നതിനുമുമ്പായി പ്രയോഗിക്കേണ്ട പദങ്ങളെന്താണെന്നു് എനിക്കു് എത്രതന്നെ ആലോചിച്ചിട്ടും തോന്നുന്നില്ല. ഞാൻ ഒരം പറയുന്നതു് ഒരു സമാധാനമായി വായനക്കാൎക്കു് തോന്നുന്നില്ലെങ്കിൽ ജയദേവകവി ശ്രീരാമനെപ്പററി പറയുന്നതുപോലെ 'സത്തു ഗുണഗണാനാമപഗുണഃ' എന്നുപറഞ്ഞു അവർ ആ ഗുണഗണങ്ങളെത്തന്നെ തെററുകാരാക്കുന്നതാണു് നല്ലതു്.

"പരോപകാരഃ പുണ്യായ പാപായ പരപീഡനം" എന്നുള്ള തത്വത്തെ ഭംഗ്യന്തരേണ തിരുമനസ്സുകൊണ്ടു് മയൂരസന്ദേശത്തിൽ "സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ കിം ദേഹം കൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ" എന്നു് പ്രതിപാദിച്ചിട്ടുണ്ടു്.

"ഇദമീദൃഗ്ഗുണോപേതം
ലബ്ധാവസരസാധനം
വ്യാകുര്യാൽ കഃ പ്രിയം വാക്യം
യോ വക്താ നേദൃഗാശയഃ"

എന്നു ഭാരവി മഹാകവി പറഞ്ഞിട്ടുള്ളതു് എത്ര വാസ്തവമാണു്! തിരുമനസ്സിലെ അന്തഃകരണപ്രവൃത്തിയുടെ പ്രതിബിംബം മാത്രമാണു് മേൽകാണിച്ച ഭാഷാപദ്യപബന്ധം. ലോകത്തിൽ നാം സാധാരണമായി കാണാറുള്ള പണ്ഡിതന്മാരുടെ സമ്പ്രദായമെന്താണു്?

"യേ സംസത്സു വിവാദിനഃ പരയശ-
ശ്ശൂല്യേന ശൂലാകുലാഃ
കുർവന്തി സ്വഗുണസ്തവേന ഗുണിനാം
യത്നാൽ ഗുണാച്ഛാദനം
തേഷാം രോഷകഷായിതോദരദൃശാം
കോടപാഗ്നിശപാസിനാം
ദീപ്ത്വാ ത്തോശിഖേവ കൃഷ്ണഫണിനാം
വിദ്യാ ജനോദ്വേജിനി"

എന്നുള്ള ന്യായപ്രകാരം നോക്കുകയാണെങ്കിൽ ഒരു പണ്ഡിതന്മാരെയെല്ലാം ഒന്നാന്തരം കൃഷ്ണസർപ്പങ്ങളെന്നതന്നെ പറയേണ്ടിവരും. നേരെമറിച്ച് തിരുമനസ്സിലെ സമ്പ്രദായമെന്താണു്? ബോദ്ധാക്കൾക്കു് നിസർഗ്ഗസിദ്ധമെന്നു പറയപ്പെടുന്ന മത്സരഗ്രസ്തതയുടെ കണികകൂടി തിരുമേനിയിൽ കണികാണ്മാനില്ലല്ലോ. എന്നു മാത്രമല്ല തിരുമേനിയെക്കൊണ്ടു് എത്രപേർക്കു് എത്ര

ല്ലാം പ്രകാരത്തിൽ എല്ലാപ്പോഴും സഹായമുണ്ടാകുന്ന
എന്നുള്ളതിനു ഒരു കയ്യോ കണക്കോ ഉണ്ടോ? അവിട-
ത്തെ അശ്രുതദൃഷ്ടപൂർവ്വമായ പരഗുണഗ്രാഹിത്വത്തി-
ന് സാഷ്ടാംഗമായി നമോവാകം പറയാത്ത സഹൃദയ-
ർ ആരുംതന്നെയില്ല. ഇങ്ങനെ തിരുമേനിയിൽ വി-
ദ്യയും വിനയവും, സമ്പത്തും ഔദാര്യവും, കാര്യപാ-
ത്രമത്തിൽ സിംഹവും മാനും, വ്യാഘ്രവും പശുവും, എ-
ന്നതുപോലെ ഒന്നു ചേർന്നു പ്രശാന്തരമ്യമായ് വിഹരി-
ക്കുന്ന കാഴ്ചയാണു കാണികളെ സർവ്വോപരി അത്ഭുതാ-
നന്ദപരവശന്മാരാക്കിത്തീർക്കുന്നത്. "ഗുണൈരേതാവ-
ദ്ഭിർജ്ജഗതി പുനരന്യോ ജയതി കഃ" എന്നു ഭട്ടമുരാരി
ശ്രീരാമചന്ദ്രനെപ്പറ്റി പറഞ്ഞിട്ടുള്ളതു തന്നെയാണു
എനിക്കു വീണ്ടും വീണ്ടും തിരുമേനിയെപ്പറ്റി പറവാൻ
തോന്നുന്നതു.

തിരുമേനിയെക്കൊണ്ടു മലയാളഭാഷയ്ക്കുണ്ടായി-
ട്ടുള്ള അന്യാദൃശമായ അഭ്യുദയത്തെപ്പറ്റി കുറെ മു-
മ്പു ഞാൻ "ഭാഷാപോഷിണി" യിൽ എഴുതിയി-
രുന്ന ഉപന്യാസത്തിൽ അടങ്ങിട്ടുള്ള സംഗതികളെ
ഇവിടെ എടുത്തു വീണ്ടും വിവരിക്കുന്നില്ല. മല-
യാളത്തിലെ അഭിനവങ്ങളായ പല മധുമയ ഭണി-
തികളുടെയും മാർഗ്ഗദർശിയായ അവിടത്തെ, നേർക്ക്-
എതെല്ലാം പ്രകാരത്തിലാണു നാം നമുക്കുള്ള കൃത-
ജ്ഞതയെ പ്രകാശിപ്പിക്കേണ്ടതു? ഭാഷാഗദ്യത്തിന്റെ
പിതാവായ അവിടത്തെ എങ്ങനെ എല്ലാം ആദരിച്ചും
ആരാധിച്ചും ആണു നാം കൃതകൃത്യന്മാരാകേണ്ടതു? അ-
വിടത്തെ പാവനമായ തിരുനാമത്തിന് നമ്മുടെ വം-
ശം എത്ര ജന്മത്തേയ്ക്കു ആശ്രിതദാസ്യം വഹിച്ചാലാ-

ണ് അതു് ഒരു ഉചിതമായ നിഷ്കൃതിദാനത്തിന്റെ ലേ-
ശൈകദേശമായിത്തീരുന്നതു്? കേരളീയക്ക് തിരുമേനി-
യുടെ വിഷയത്തിൽ ആനൃണ്യം എന്നുള്ളതു് ഒരു കാല-
ത്തും ഉണ്ടാകത്തക്കതല്ല.

തിരുമനസ്സുകൊണ്ടു് ഇപ്പോൾ നിൎമ്മിച്ചിരിക്കുന്ന
“സ്തുതിശതകം” കേരളത്തിൽ സാധാരണമായി ആരാ-
ധിക്കപ്പെട്ടുവരുന്ന പത്തു് ഇഷ്ടദേവതകളെ ഉദ്ദേശിച്ചു-
ള്ള പത്തു് പ്രാൎത്ഥനാദശകം അടങ്ങിയ ഒരു ഉത്തമ-
കൃതിയാണ്. അവിടുന്നു ഇതിനു മുമ്പുതന്നേ കല്പിച്ചുണ്ടാ-
ക്കീട്ടുള്ള ശ്രീപത്മനാഭപാദപത്മശതകം വായനക്കാ-
ൎക്ക് സുപരിചിതമാണല്ലോ. അതു് പോലെ ഈശ്വര
പ്രാൎത്ഥനാരൂപമായി എഴുതപ്പെട്ടിട്ടുള്ള ഈ ഗ്ര-
ന്ഥവും പണ്ഡിതപാമരസാധാരണമായി പ്രയോജ-
കീഭവിക്കേണമെന്നുള്ള വിചാരത്താൽ അവിടുന്നു് ഇ-
തിന്റെ ഒരു ഭാഗവും കഠിനമാക്കീട്ടില്ല. ദുരവഗാഹങ്ങ-
ളായ ഉല്ലേഖങ്ങളോ നാളികേരപാകത്തിലുള്ള രചനാ-
രീതിയോ കാണ്മാൻ കൊതിയുള്ളവർ ആരും ഇങ്ങോട്ടു
കടക്കേണമെന്നില്ല. ഗ്രന്ഥഗ്രന്ഥികൾ ഇതിൽ ആക്ഷം-
കണികാണ്മാൻ കിട്ടുകയില്ല.

ആദ്യന്തം ശബ്ദചമല്ക്കാരമസൃണം; ആപാദമസ്ത-
കം പ്രസന്നപ്രൌഢസരസം; അതാണ് ഈ ഖണ്ഡ
കാവ്യത്തിന്റെ സമ്പ്രദായം. തിരുമനസ്സിലേക്ക് ശബ്ദ-
ങ്ങളുടെ മേലുള്ള സ്വാധീനത വാചാമഗോചരം തന്നെ.
നോക്കുവിൻ! താഴെ കാണിക്കുന്ന ചില ഉദാഹരണങ്ങ-
ളും ഞാൻ സ്ഥാലീപുലാകന്യായേന മാത്രം എടുത്തു
ചേൎക്കുന്നതാണ്.

'കാണാകണം മമ കപാലി കൃപോർമ്മിമാലി"
'കുചകലശനിരസ്തകോകയുഗ്മെ!
കചഭരനിർജ്ജിത കാളമേഘജാലെ!'
'സമദസലിലധാരാസാരസൌരഭ്യഗന്ധ-
ഭ്രമദളിനികുരുംബൻ വീരഹേരംബദേവൻ'
'നരകതാരക! താരകമാരക!'
'ശരചാപധരൻ നവീനധാരാ-
ധരചാരുദ്യുതി ധാർമ്മികാഗ്രഗണ്യൻ
സുരചാരണസേവ്യനാശ്രയം മേ
വരചാമീകരഭൂഷനായ്യദേവൻ."
എന്തൊഴുക്ക് ! എന്തു തള്ളിച്ച!

ശരി:—"പ്രവർത്തതെ നാകൃതപുണ്യകർമ്മണാം
പ്രസന്നഗംഭീരപദാ സരസ്വതീ"

എന്നല്ലെ ആപ്തവാക്യം. പാർവ്വതീകാന്തജടാകാന്താരഗഹ്വരത്തിൽനിന്ന് ഭൂമിയിൽ പതിക്കുന്നതായിഭോജരാജാവ് വർണ്ണിച്ചിരിക്കുന്ന ആ സുരലോകതരംഗിണിയോടല്ലാതെ തിരുമനസ്സിലെ കവിതയെ എനിക്കു മറെറാന്നിനോടും സമം ചേർക്കുവാൻ തോന്നുന്നില്ല. കൊട്ടാരം തൊട്ട് കുടില് വരെ കേരളത്തിലുള്ള ഓരോ ഗൃഹത്തിലും ഒരം പുസ്തകംചെന്നെത്തി ആബാലവൃദ്ധം എല്ലാവർക്കും ഐഹികവും പാരത്രികവുമായുള്ള പുരുഷാർത്ഥങ്ങളെ സാധിക്കുന്നതിന് പ്രയോജകീഭവിക്കുമെന്നുള്ളത് നിസ്സംശയമാണ്.

ഇനി നമുക്ക് ഇവിടെ തിരുമനസ്സിലെ ഒരംശപ്രാർത്ഥന വായിക്കുന്നതിനു മുൻപായി കരണീയമായി-

ട്ടുള്ളത് തിരുമനസ്സിലെ ഉദ്ദേശിച്ചുള്ള ഒരീശ്വരപ്രാൎത്ഥനയാണ്. അത് എന്റെ മാന്യസ്നേഹിതനും മഹാകവിയുമായ വള്ളത്തോൾ നാരായണമേനോനവർകളുടെ വാക്കുകളിലാകട്ടെ:—

"ഭൂമിപ്പെണ്ണിന്നു പൊട്ടേ! ബഹുഗുണിതഗുരുമഹാ
രത്നഭണ്ഡാരമേ! നൽ-
പ്പേർമിന്നും വഞ്ചിഭൂമീവലമഥനവലം-
തൃക്കരപ്പോർക്കുരുന്നേ!
കാമിക്കേണ്ടും ഗുണങ്ങൾക്കൊരു കളിനിലമേ!
കൈരളീകാളിദാസ!
സ്വാമിൻ! ത്വജ്ജന്മതാരോത്സവശതമിനിയും
ലോകർ കൊണ്ടാടിടട്ടെ."

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

# സ്തുതിശതകം.

## ശിവസ്തുതി.

ശ്രീകണ്ഠനാമകമകല്മഷലോകഗമ്യ-
മേകം സമസ്തമുറകൾക്കുമിണങ്ങുമർത്ഥം
ശോകം കളഞ്ഞു സുഖമേകണമെപ്പൊഴും മേ
സാകം ജഗജ്ജനനിതന്നൊടു സംഗതാംഗം. ൧.

സോമാഭകാഭരണനാം ഭഗവാനെനിക്കു
വാമാർദ്ധമായ വനിതാമണിയോടു കൂടി
ക്ഷേമാഭിവൃദ്ധിയരുളീടുവതിന്നു ചേത-
സീമാദരത്തൊടു തദീയപദം തൊഴുന്നേൻ. ൨.

അംഗാരഫേലാരതരമാമളികാക്ഷികൊണ്ടു
ശൃംഗാരയോനിയുടെ മേനി പൊരിച്ചു പോററി
ഗംഗാധരൻ ഗിരിജതന്നൊടു കൂടിയെന്റെ
തുംഗാധി തീർത്തു തുണ ചെയ്യണമിന്ദുചൂഡൻ ൩.

കൈലാസവാസി കരുണാനിധി കാദ്രവേയ-
മാലാകലാപനഖിലാണ്ഡകടാഹനാഥൻ
ശൈലാധിനാഥതനയാന്വിതനായെനിക്കു
ഹാലാഹലാശനനിശം കുശലം തരട്ടേ. ൪.

ആശങ്ക വിട്ടു യമനെന്നരികത്തണഞ്ഞു
പാശം കഴുത്തിലിടുമപ്പൊഴുതിങ്ങു വന്നു
ക്ലേശം കളഞ്ഞു സഹസാ സഹദാരനെന്നെ
ശ്രീശങ്കരൻ ശ്രിതജനാർത്തിഹരൻ തുണപ്പൂ ൬.

ചെന്നൊന്നു ചെഞ്ചിടയിലഞ്ചിതകാന്തികോലു-
മേണാങ്കനായ തിരുവാഭരണം ധരിച്ചു
പ്രാണാധികപ്രിയയൊടൊത്തവസാനകാലേ
കാണാകണം മമ കപാലി കൃപോർമ്മിമാലി. ൭.

ഉക്ഷാധിരൂഢനുമയോടൊരുമിച്ചു ഭക്ത-
രക്ഷാവിധിയ്ക്കു ഭഗവാൻ ഭവനാത്തദീക്ഷൻ
ദക്ഷാധ്വരക്ഷതികരൻ ദയ പൂണ്ടു ഭദ്ര-
മക്ഷാമമായരുളിടേണമെനിക്കജസ്രം ൮.

മത്തേഭഗാമിനി മഹേശ്വരി തന്റെ ഭാഗ്യ-
സത്തേ! സദാശിവ! ഭവാനനുകമ്പയോടെ
എത്തേണമെന്റെയരികത്തു സമസ്തലോക-
വിത്തേ! തരേണമഭയം മമ മൃത്യുകാലേ. ൯.

രംഭോരുവാം രമണിയോടുടൽ ചേർന്നു നിത്യ-
സംഭോഗമാർന്നമരുവും ഭഗവൻ! ഭവാന്റെ
ദാംഭോജചാരു ചരണം തൊഴുമീയെനിക്കു
ശം ഭോ വളർത്തുക ശശാങ്കവതംസ! ശംഭോ! ൰.

ശ്രീനാരായണസേവ്യ! മുപ്പുരരിപോ!
ഹേ! നാഥ! മൃത്യുഞ്ജയ!
ജ്ഞാനാനന്ദമയസ്വരൂപ! ഭഗവൻ!
ദീനാനുകമ്പാനിധേ!

സേനാനീജനകൻ ഭവാനടനെ യെൻ-
നാനാവിധാംഹസ്സിനേ
മീനാക്ഷീമിളിതാംഗ തീൎത്തരുളണേ
കീനാശഭീനാശന! ൧൦.

## പാൎവ്വതീസ്തുതി.

അചലപരിവൃഢാത്മജേ! മദേനോ-
നിചയമകററി നിരാകരിക്ക ദുഃഖം
കുചയുഗളനിരസ്തകോകയുഗ്മേ!
കചരുചിനിൎജ്ജിതകാളമേഘജാലേ! ൧.

വിരളദുരിതരായവൎക്കു വാക്കിൽ
സരളത ചേൎത്തു കവീശ്വരത്വമേകും
ഗരളഗളതപഃഫലത്തിലുള്ളം
തരളത വിട്ടമരട്ടെ മാമകീനം. ൨.

ക്ഷിതിധരവരനന്ദിനി! ത്വദീയ-
സ്തുതിവിധിയോൎക്കിലെനിക്കു ശക്യമാമോ?
അതിനു തുനിവതംബ! നിങ്കലേററം
മതിയിലെഴും രതിഭാവമൊന്നിനാൽ താൻ. ൩.

ജഗദവനപരായണേ! പ്രസാദി-
ച്ചഗദത നല്കി യനാഥനായൊരെന്നെ
ഭഗവതി! ഭവദീയഭക്തനാക്കീ-
ട്ടഗപതിപുത്രി! യനുഗ്രഹിച്ചിടേണം. ൪.

അഘരിപുസഹജേ! മഹാനുഭാവേ!
മഘവമുഖാമരമാനിതേ! മഹേശി!

അഘമഖിലമകററി യെന്മനസ്സിൽ
സുഘടിതമാക്കുക നീ സുഖത്തെ നിത്യം. ൭.

മറയരുളിലമന്നിടുന്ന മായേ!
മറയരുതെൻനിനവംബ! നിന്മനസ്സിൽ;
കുറയരുതു കൃപാകടാക്ഷമെന്നിൽ
പറയരുതെന്നെ വരാകനെന്നു ലോകം. ൮

പനിമതിയണിയും പരന്റെ ജായേ!
ജനിമൃതിഹാരിണി! നിൻസ്തവത്തിനായ് ഞാൻ
തുനിവതു ഭവതിക്കു നിത്യമെന്നിൽ
കനിവു തുടർന്നു വരാനൊരാശയാൽ താൻ. ൯.

അരിഭവമെരിയുന്ന തീകണക്കായ്
പരിഭവമെന്നെയുപദ്രവിച്ചിടാതെ
ഗിരിവരതനയേ! കൃപാപയോധേ!
ശിവരെ യെന്നിലയയ്ക്കു തൃക്കടാക്ഷം. ൰.

അഴകെഴുമരവിന്ദ സുന്ദരം നിൻ-
കഴലിണ കാമിതദാത്രി! കൈതൊഴുന്നോൻ
അഴലിൽ മുഴുകിടാതെയെന്നെ നീല-
ക്കുഴലി! കുലാദ്രികുമാരി! കാത്തുകൊൾക. ൰൧.

സീമാതീതദയാസുധാജലനിധേ!
ശ്രീമാധവാരാധിതേ!
ക്ഷേമാർത്ഥീ പണിയുന്നു ഞാൻ ഭവതിയെ
പ്രേമാർദ്രനായെപ്പൊഴും
സോമാർദ്ധാഭരണന്റെ സൌമ്യതയെഴും-
വാമാർദ്ധമേ! യെന്നെ നീ

വാമാക്ഷീ ജനമൌലിമൌക്തികമണേ!
കാമാക്ഷി! രക്ഷിക്കണേ. ൧൦.

## വിഷ്ണുസ്തുതി.

അത്യന്തശ്രമമൊടു യോഗിമൃഗ്യമാണം
ശ്രുത്യന്തങ്ങളിലവഗാഢമായ് നിഗ്രഢം
സത്യന്തൻവടിവുടയോരു വിഷ്ണുരൂപം
നിത്യന്തന്മനസി മമ സ്ഫുരിച്ചിടട്ടേ. ൧.

ദംഭാഹംകൃതിരഹിതാശയോപസർപ്യം
കുംഭാഭസ്തനിരമയാൽ കൃതോപചാരം
ജംഭാരിപ്രമുഖമഖാശമണ്ഡലത്താൽ
സംഭാവ്യം ഹരിചരണാംബുജം തൊഴുന്നേൻ. ൨.

വിക്രാന്ത്യാ വിജിതസമസ്തലോകനാകും
ശുക്രാന്തേവസദധിപന്റെ മുഷ്കടക്കി
ശക്രാദിത്രിദശഗണാർത്തി തീർത്ത ദേവൻ
ചക്രാലംകൃതകരനാശ്രയം സദാ മേ. ൩.

കൈവല്യപ്രദനരവിന്ദനാഭനാകും
ദൈവത്തെ ദ്ദിനമനു ഞാൻ ഭജിച്ചിടുന്നേൻ,
വൈവശ്യം സകലമകന്നൊനിക്കു വേഗാൽ
കൈവന്നീടണമളവററ മോക്ഷസൌഖ്യം. ൪.

ഏകാന്തസ്ഥിരത കലൎന്ന ഭക്തിയോടേ
ശ്രീകാന്തൻ തിരുവടിയേ ഭജിപ്പവൎക്കായ്
ശോകാന്തം ശുഭവുമനല്പമേകുമീശൻ
ലോകാന്തൎഗ്ഗതസുജനാവനൈകതാനൻ. ൫.

തണ്ടാരിന്മഹിളയെ മാറിടത്തിലേററി-
ക്കൊണ്ടോടി കൗതുകമിയന്നു കേളിയാട്ടം
വണ്ടാരൊത്തൊരു തിരുമേനി കൺ കുളുർക്കെ-
ക്കണ്ടാലെൻകലുഷമശേഷമാശു തീരും. ൬.

പാലംഭോനിധിയിലഹീന്ദ്രമഞ്ചമദ്ധ്യേ
ലോലംബോപമരുചി പള്ളികൊള്ളുമീശൻ
ശൂലംഭത്തിന്നു യമനാഗമിച്ചിടുമ്പോ-
ളാലംബം കനിവൊടെനിക്കു നല്കിടേണം. ൭.

ബദ്ധാന്തർമ്മലമുനിവര്യസമ്പ്രദായ്യം
സിദ്ധാന്തം നിഗമഗതം ഭവൽപ്രഭാവം
ശുദ്ധാന്തഃകരണവിധേയമാം ത്വദീയം
ശുദ്ധാന്തം കലശപയോധിഭാഗധേയം. ൮.

ശർവ്വാദിഭ്രമണചണത്വദീയമായാ-
ദുർവ്വാരാവരണമതിൽ ഭ്രമിക്കുമെന്റെ
സർവ്വാഗസ്സമുദയവും സഹിച്ചു സദ്യോ
നിർവ്വാണം തരണമെനിക്കു നീലവർണ്ണ! ൯.

ആമീലന്നവനീലപത്മസുഷമൻ ചാമീ-
കരാഭാംബരൻ
ശ്രീമീനാദിദശാവതാരമതിനാൽ ഭൂമീ-
ഭരം തീർത്തവൻ
സാമീചീന്യമെഴും യദീയദയയാ ക്ഷേമീ
സമം ലോകമാ-
സ്വാമീ കാത്തരുളട്ടെയെന്നെ യനിശം കാമീ
മഹാലക്ഷ്മിയിൽ. ൧൦.

# ലക്ഷ്മീസ്തുതി.

കമലേ! വിധൂതചരണാനമന്മന-
ശ്ശമലേ! കനിഞ്ഞിടണമെന്നിലംബ! നീ
വിമലേ! മദീയകദനങ്ങൾ നീക്കുവാൻ
ശ്രമലേശമില്ല ഭവതിയ്ക്കു ഭാൎഗ്ഗവി! ൧.

ഹരിതന്നുരസ്സിൽ മരുവുന്ന ദേവി! നിൻ-
ചരിതം നിനയ്ക്കിലതിവിസ്മയാവഹം
പരിതപ്തദീനസദനങ്ങൾ സമ്പദാ
ഭരിതങ്ങളാം ഭവതിയൊന്നു നോക്കുകിൽ ൨.

സനകാദിസേവ്യപദപങ്കജാടടനമ-
ജ്ജനകാമദായിനി! ജഗത്രയേശ്വരി!
ഘന കാന്തിയായ കണവന്റെ മാറിൽ നീ
കനകാഭഗാത്രി! വിലസുന്നു മിന്നൽ പോൽ ൩.

ബലശാലി ദൈത്യകുലനിഗ്രഹത്തിനാൽ
വലശാസനന്നു നലമുള്ളിൽ നല്കിടും
കലശാബ്ധിശായിയുടെ വല്ലഭേ! മനോ-
മലശാന്തി ചെയ്ക മമ ദേവി മംഗളം ൪.

കരുണാകരൻ കമലനാഭനോടു ചേ-
ന്നരുണാധരേ! ഭുജഗരാജമെത്തമേൽ
വരുണാലയേ മരുവിടുന്ന മാനിനീ
തരുണാനുകമ്പയൊടു താങ്ങുകെന്നെ നീ. ൫

അവനീസപത്നി! ദയിതന്റെ മാറിടം
ഭവനീകരിച്ചു വിലസും വിലാസിനി!

നവനീതഗാത്രി! ശരണീ ഭവിക്ക നീ
നവനീരദാഭചികുരേ! ചിരായമേ. ൬.

അഴലാകുമാതപമകററുവാൻ ഭവൽ-
കഴലായ കല്പതരുവിന്റെ കമ്രമാം
നിഴലാണെനിക്കുനവനീലനീരദ-
ക്കുഴലാൾമണേ! ശരണമിന്ദിരെ സദാ. ൭.

കളകാഞ്ചികാരവമുപേന്ദ്രനോടണ-
ഞ്ഞളകാളിരാജദളികേ! രമിക്കയാൽ
പുളകാവൃതാംഗി! ഭവദംഘ്രിപത്മമാ-
ന്നിളകാതിരിക്കണമജസ്രമെന്മനം. ൮.

കലയാമി നിൻകഴലജസ്രമംബ! പു-
ഷ്കലയാമിനീകമനശോഭനാനനേ!
വലയാതിഭാസുരഭുജേ! ഭവാംബുധൌ
വലയാതിരിപ്പതിനനുഗ്രഹിക്ക മാം. ൯.

വാരാളും മുദിരങ്ങളോടെതിരിടും
ധാരാളവേണീഭരെ !
താരാനാഥനിഭാനനേ! തവ പദ-
ത്താരാണെനിക്കാശ്രയം
പാരാവാരസുതേ! പരാൽ പരതരേ!
നാരായണപ്രേയസി!
സ്മാരാരാലങ്ങളകററിയാശു ദിശ മേ
നേരായ ഭാഗ്യോദയം. ൧൦.

# ഗണപതിസ്തുതി.

സുരദനുജനരന്മാരേവരും കൈവണങ്ങും
വരദനഖിലവിഘ്നദ്ധ്വാന്തസംഹാരസൂൎയ്യൻ
ദ്വിരദവദനനാകും തമ്പുരാനൻപിനോടേ
പുരദഹനസുതൻ മെ മംഗളം നല്കിടട്ടെ. ൧.

അരവനിവഹഭൂഷാഭാസുരൻ, ഭക്തിയോടേ
സുരവനിതകൾ നല്കും നല്ലൊരെള്ളുണ്ടയപ്പം
അരവണ യിവയെല്ലാമാസ്ഥയോടാഹരിക്കും
ശരവണഭവസോദൎയ്യൻെറ പാദം തൊഴുന്നേൻ. ൨.

സമദസലിലധാരാസാരസൌരഭ്യഗന്ധ-
ഭ്രമദളിനികുരുംബൻ വീരഹേരംബദേവൻ
നമദമരകദംബാഭീതിദാനൈകതാനൻ
മമ ദനുജകൃതാന്തൻ മംഗളം നല്കിടട്ടെ. ൩.

അമലരുചി കരിമ്പാം വില്ലു, നല്ലോരു രത്ന-
ത്തമല, ഗദ, യുദഞ്ചൽഭംഗി നാരങ്ങ, ശൂലം,
കമലമിതുകളേന്തും വിഘ്നരാട്ടന്തരായ-
ക്കമലകളെ യകററി ക്കാത്തുകൊള്ളേണമെന്നെ. ൪.

മദനരിപുതനൂജൻ ദാനലോലാളിരാജ-
ദ്വദനനരിയവിഘ്നവ്രാതവിധ്വംസദക്ഷൻ
കദനമപഹരിച്ചിട്ടവ്യളീകാനുകമ്പാ-
സദനഹൃദയനെന്നെ സ്സത്വരം കാത്തിടട്ടെ. ൫.

അജഗവധരനാകും ദേവദേവൻെറ പുത്രൻ
ത്രിജഗദവനനിത്യോദ്യുക്തനാമേകദന്തൻ

ഭുജഗവലയഭൂഷൻ ഭൂരിഭവ്യായ ഭൂയാൽ
ഭുജഗരിമഹതാമിത്രാസുരൻ ഭാസുരാംഗൻ. ൬.

തരണമഭയമെന്നായ് ഭക്തിസമ്പൂരിതാന്തഃ-
കരണമൊടുവണങ്ങും സേവകന്മാക്കു നിത്യം
ശരണദമരുണാഭാ ശ്രീഗണാധീശ്വരൻതൻ-
ചരണമഖിലകല്യാണാവഹം ഭാവയേഽഹം. ൭.

പ്രിയതമയുടെ ഗാഢാലിംഗനാനന്ദമഗ്നൻ
പ്രയതമതിവിപശ്ചിന്മണ്ഡലാരാദ്ധ്യമാനൻ
നിയതമഘമശേഷം നീക്കി നിസ്സീമപുഷ്ട്യ-
ദ്ധ്യയത മയി സമാധാനം ബിക്കണം സാമജാസ്യൻ. ൮.

കലയതു കലുഷൗഘദ്ധ്വംസനം ചന്ദ്രമസ്സിൻ-
കലയതു മകുടത്തിൽ ദേവ! ചാർത്തും ഭവാൻ മേ
നിലയതുലമഹത്വം നല്ക, ദീനാനുകമ്പാ-
നിലയ! തുടരണം നിൻപ്രീതിയെപ്പോഴുമെന്നിൽ. ൯.

ചിന്താഗോചരമാക്കി നിന്തിരുവടി-
ച്ചെന്താർ ഭജിക്കുന്നൊരെൻ-
സന്താപൌഘമപാകരിക്ക ഭഗവൻ!
ദന്താവളേന്ദ്രാനന!
എന്താണിത്ര വിളംബമായതിനഹോ?
ഹന്താശ്രു വിഘ്നാവലീ-
ഹന്താ സേവകവാഞ്ഛിതാത്ഥമരുളും
സന്താനമല്ലോ ഭവാൻ. ൧൦.

# സരസ്വതീസ്തുതി.

പ്രചണ്ഡമാം ഭ്രമതിമിരം ഹരിക്കുവാൻ
വിചക്ഷണാം ദ്യുമണികരാങ്കുരോപമം
വചസ്സ്വരൂപിണി! തവ ഗീതസാഹിതീ-
കുചദ്വയേ! കഴലിണ കൈതൊഴുന്നു ഞാൻ. ൧.

മൃഗത്തിനും മനുജനുമുള്ള ഭേദമി-
ജ്ജഗത്തിലാരുടയ വിലാസകല്പിതം
പ്രഗല്ഭയബ്ഭഗവതി ഭാരതീ സദാ
ദൃഗഞ്ചലം സദയമയയ്ക്കണം മയി. ൨.

13444

പ്രപഞ്ചസൃട്പ്രണയിനി! നിർഭരോല്ലസൽ-
കൃപഞ്ചമച്ചിടണമെനിക്കു മംഗളം.
വിപഞ്ചികാഗുണതരളാംഗുലീദല-
പ്രപഞ്ചിതസ്വരസമുദായമൂർഛനാ. ൩.

വിധാതൃവല്ലഭ കൃപചെയ്കിലേവരും
ബുധാഗ്രണീപദവിയണഞ്ഞു കീർത്തിയേ
ദധാനരായ് മധുരിമധുര്യസൂക്തിയാൽ
സുധാരസത്തെയുമധരീകരിച്ചിടും. ൪.

നിരന്തരപ്രസൃമരകാന്തികന്ദളം
സരസ്വതീചരണസരോരുഹദ്വയം
വരപ്രദം വിരവിൽ നമസ്കരിച്ചിടും
നരനു സൽകവിപദമാശു കൈവരും. ൫.

കുറഞ്ഞിടാതടിയനു് ദേവി! നല്കണം
നിറഞ്ഞിടും സരളത പൂണ്ട സാഹിതി

മറഞ്ഞിടാതമരുക യെന്മനസ്സിൽ ഞാൻ
പറഞ്ഞിടും മൊഴി പഴുതായ് ഭവിക്കൊലാ ൰

പിതാമഹാനനസരസീരുഹങ്ങളിൽ
ധൃതാദരം വിഹിതവിഹാരയായിടും
നിതാന്തസുന്ദരതനുവാം സിതച്ഛദേ!
നതായ മേ വിതര വിശിഷ്ടവൈഖരീം ൧.

സമസ്തസൽകവികളനുഗ്രഹത്തിനായ്
നമസ്കരിച്ചിടുമരവിന്ദസുന്ദരം
തമസ്സമുദ്ധരണചണം ഭവൽപദം
മമ സ്ഫുരിക്കണമകതാരിലെപ്പോഴും. ൨.

വിമോഹജം മമ ഹൃദയത്തിൽ മെത്തിടും
തമോഭരം ഭഗവതി! ഭഗ്നമാക്കണം
പ്രമോദമോടടിയനു നല്കണം സുര-
ദ്രുമോപമേ! സകലമഭീഷ്ടമഞ്ജസാ. ൩.

ഏണീശാബവിലോചനേ! ഗുരുതര-
ശ്രോണീഭരേ! പത്മജ-
പ്രാണീഭൂതകളേബരേ! ഘനലസ-
ദ്വേണീകലാപാഞ്ചിതേ!
ക്ഷോണീവാസികളിൽ സ്വസേവകജന-
ശ്രേണീമഹത്ത്വാവഹേ!
വാണീദേവി! സദാ തെളിഞ്ഞു ഭവതീ
വാണീടണം നാവിൽ മേ. ൪.

# സുബ്രഹ്മണ്യസ്തുതി.

സുരവരാഭയദാനവിശാരദൻ
ശരവണോൽഭവനെന്നഴൽ പോക്കണം
സ്വരമണീപരിരംഭരസാകുലൻ
വരമണീരമണീയവിഭൂഷണൻ. ൧.

ഝടിതി ദൈത്യരെ വെല്വതിനായ് ഗുഹൻ
കൊഴിയ കോപമൊടുദ്യതനാകവേ
പടിമശാലി ശിഖീശ്വരനന്തികേ
വടിവിലാടി വിലാസമൊടെത്തിടും. ൨.

ചമരബാലഭരാഭശിരോരുഹൻ
സമരഭൂമിയണഞ്ഞുടനേ ഗുഹൻ
അമരവൈരികളെ കൊലചെയ്യുവോ-
നമരണം മരണംവരെ യുള്ളിൽ മേ. ൩.

സ്മരണമാത്രയിലാൎത്തികൾ തീൎത്തു തൻ-
ചരണസേവകരിൽ കൃപചെയ്യുവോൻ
ശരണമായ് മമ ശക്തിധരേശ്വരൻ
വ്വരണമാരണമാനദനെപ്പൊഴും. ൪.

ക്ലമമണഞ്ഞു കളേബരപീഡയാൽ
ശ്രമമിയന്നുഴലുന്ന ജനങ്ങളിൽ
സ്മരശരാരിസുതൻ ദയചെയ്തിടും
സമയമാമയമാകെ യകന്നിടും. ൫.

സ്മരദനഷ്ണകരപ്രതിമാനനൻ
സുരദനൻ സുഖമേകണമാശു മേ

ദിരദവക്ത്രസഗർഭ്യ! ഷഡാനനൻ
വരദ! നീരദനീലകചൻ ഭവാൻ. ൬.

വദനകാന്തിവിധൂതവിധോ! ദയാ-
സദന! ദേവ! ശിഖാവലവാഹന!
മദനമാധിസുതാധികമായൊരെൻ-
കദനവേദന വേഗമകററുക. ൭.

സുരകദംബകപാലക! സന്തതം
പരകളത്രപരാങ്മുഖ! ഷൺമുഖ!
ഖരകരപ്രഭ! കാത്തരുളേണമേ
നരകതാരക! താരകമാരക! ൮.

ബഹളസംസൃതിസങ്കടജന്യമാം
ഗുഹ! മദീയവലച്ചിലശേഷവും
സഹജദീനദയാർദ്രമനസ്സനാ-
യഹരഹഹര ഹൎയ്യജാത്മജ! ൯.

പാകാരാതിപുരസ്സരത്രിദശര-
ക്ഷൈകാന്തബദ്ധോദ്യമ!
ശ്രീകാന്തപ്രിയഭാഗിനേയ! കമനീ-
യാകാര! ഷാണ്മാതുര!
രാകാശീതമയൂഖമഞ്ജുളമുഖ!
ശ്രീകാർത്തികേയ! പ്രഭോ!
കേകാവൽപ്രവരാധിരൂഢ! തരസാ
ശോകാനകററീടുക. ൧൦.

# ഭൂതനാഥസ്തുതി.

ഭുവനാധിപനായ ഭൂതനാഥൻ
ശിവനാരായണനന്ദനൻ മഹാത്മാ
ജവനാശ്വവരാധിരൂഢനീശൻ
ഭവനാശത്തെ നമുക്കു നല്കിടട്ടെ. ൧.

ജഗദേകശരണ്യനായ ശാസ്താ
നിഗമാന്തപ്രതിപാദിതപ്രഭാവൻ
ഭഗവാനഴൽ പോക്കണം മദീയം
മൃഗയാലമ്പടനാർത്തലോകബന്ധു. ൨.

പ്രഭയാം പ്രിയയോടുമപ്രധൃഷ്ടമന്യ-
പ്രഭയാ സത്യകനാം തനൂജനോടും
അഭയാർത്ഥിശരണ്യനാര്യകൻ മേ
ശുഭയാകും ഗതി യേകിടേണമെന്നും. ൩.

മണികുണ്ഡലമണ്ഡിതൻ മഹാനാം
മണികണ്ഠൻ ഭഗവാൻ മനോഹരാംഗൻ
ഗുണികൾക്കു ഹിതൻ കൃപാമൃതത്തിൻ-
കണികയ്ക്കാസ്പദമാക്കിടേണമെന്നെ. ൪.

ശരചാപധരൻ നവീനധാരാ-
ധരചാരുദ്യുതി ധാർമ്മികാഗ്രഗണ്യൻ
സുരചാരണസേവ്യനാശ്രയം മേ
വരചാമീകരഭൂഷനാര്യദേവൻ. ൫.

സദയം കുലദൈവമേ! ദയാലോ!
മദമോഹാദിമൃഗങ്ങളേ മുദാ മേ

ഹൃദയാടവിതന്നിൽ വേട്ടയാടീ-
ട്ടുദയൽഭീതികളാക്കി നീക്കിടേണം. ൬.

ഉലകം പതിനാലിനും തിളങ്ങും
തിലകം ദേവ! ഭവാനമേയധാമാ
കുലകണ്ടകനാശകൻ കനിഞ്ഞെൻ-
പലകഷ്ടങ്ങളുമാശു പോക്കിടേണം. ൭.

ഗളിതോപധി ഭക്തിയോടു ലോകം
മിളിതോത്സാഹമുദീതഗീതഭംഗി
ലളിതോജ്ജ്വല! പൂജചെയ്യുമാറു-
ണ്ടളി തോറേറാടുമരാളകുന്തളം ത്വാം. ൮.

കരിവര്യഗളാധിരൂഢ! നിൻകാൽ
വരിവണ്ടാരണികേശ! കൈതൊഴുന്നേൻ
അരിവർഗ്ഗമടക്കി മാമകം നിൻ-
വരിവസ്യാരസമേകണം സദാ മേ. ൯.

സത്യത്തിൽ പ്രതിപത്തി നല്ക ഭഗവൻ!
കൃത്യത്തിലൈകാഗ്ര്യവും
പ്രത്യർത്ഥിക്ഷതിയും ത്വദർച്ചനവിധാ-
വത്യർത്ഥമാസക്തിയും
ശ്രുത്യന്തപ്രതിപാദ്യമാനമഹിമ-
ന്നത്യന്തശാന്താകൃതേ
നിത്യം മൽകുലദൈവമേ! ഹരിഹരാ-
പത്യ! പ്രസാദിക്ക മേ. ൰.

# കൈരാതരുദ്രസ്തുതി.

കിരാതരുദ്രൻ ഭഗവാന്റെ നന്ദനൻ
ശരാസബാണച്ഛുരികാസ്ഫുരൽകരൻ
അരാതിഭീതിപ്രദനാത്തബാന്ധവൻ
നിരാകരിക്കട്ടെ പരാഭവം മമ. ൧.

വരത്തിനായുഗ്രതപസ്സു ചെയ്തോര-
പ്പുരന്ദരൻതൻസുതനിഷ്ടമേകുവാൻ
ഉരത്തവേടൻവടിവാണ്ട ശംഭുവിൻ
പരന്തപൻ നന്ദനനെ ത്തൊഴുന്നു ഞാൻ. ൨.

പുളിന്ദരൂപൻ പുരശാസനാത്മജൻ
മിളിന്ദപാളീകമനീയകുന്തളൻ
കളിന്ദജാകാന്തികളേബരൻ കളി-
ക്കളിന്ദമാക്കട്ടെ യജസ്രമെന്മനം. ൩.

ഉമാശിവന്മാർ ശബരസ്വരൂപരായ്
സുമാസ്ത്രഗക്രീഡ തുടർന്നു വാഴവേ
കുമാരനുൽപ്പന്നനുദാരപൌരുഷൻ
മമാരിബാധാം തരസാ ഹരിക്കണം. ൪.

ശിഖാലസൽബർഹഭരൻ ശിവാത്മജൻ
മുഖാബ്ജഭൃംഗായിതരോമസഞ്ചയൻ
മഖാശനന്മാർക്കു വിപക്ഷനിഗ്രഹാൽ
സുഖാവഹൻ സ്വാമി ശുഭം തരട്ടെ മേ. ൫.

അപാരമായ് വൈരികളേകിടുന്ന മാ-
ലപാകരിപ്പാനതിഭക്തിയോടിഹ

നൃപാലർ വന്ദിച്ചുവരുന്ന ദൈവമേ!
കൃപാനിധേ! പാഹി കിരാതരൂപ! മാം. ൬.

ഘനാവലീമേചക! വേടവേഷനാം
പിനാകപാണിപ്രിയപുത്ര! നിൻപദം
അനാരതം കൈതൊഴുമെന്റെ സങ്കടം
വിനാ വിളംബം സകലം തുലയ്ക്കണേ. ൭.

വിപത്തണപ്പാൻ വിവിധപ്രകാരമായ്
വിപക്ഷവർഗ്ഗം വിരുതാർന്നിടും വിധൌ
കപർദ്ദിസൂനോ! ശബരാകൃതേ! ഭവാൻ
പ്രപന്നനാമെന്നെയനുഗ്രഹിക്കണേ. ൮.

ഗുണങ്ങൾ നല്കും കുലദൈവ! നിൻപദം
വണങ്ങുമെന്നോടു വനേചരാകൃതേ!
ഇണങ്ങിടുന്നോർക്കെഴുമാടലാകവേ
പിണങ്ങുവോർക്കാക്കുക പിഞ്ഛശേഖര! ൯.

വ്യാധാകാര! വിഭോ! ഭവൽപദനമ-
സ്യാധായിയാകിൽ പരം
ബോധാനന്ദരസാനുഭൂതി കലരും
മേധാവിയും മൂഢനും
സാധാരണ്യസമൃദ്ധയാം തവ ദയ-
യ്ക്കാധാരമായ് തീർന്നുടൻ
സൌധാഗ്രേ സുഖമായ് വസിക്കുമസുഖൽ-
ബാധാവിനിർമ്മുക്തനായ്. ൧൦.

## ഭദ്രകാളീസ്തുതി.

നീലകണ്ഠഭഗവാന്റെ ഫാലമെഴും
ഫാലനേത്രമതിൽനിന്നു ജാതയാം
ശൂലഖഡ്ഗധര ഭദ്രകാളിയെൻ-
മാലകറ്റണമരാതിമർദ്ദിനി. ൧.

പാരിലപ്രതിമഭൂരിവീര്യനാം
ദാരികാഖ്യനമരാരിയെ ക്ഷണാൽ
പോരിൽവെന്ന പുരവൈരിപുത്രി മേ
ചാരിതാർത്ഥ്യമകതാരിലേകണം. ൨.

അഞ്ജനാഭവിപുലാംഗശാലിനി
കഞ്ജനാഭമുഖദേവപാലിനീ
കുഞ്ജരപ്രവരകുണ്ഡലാ ഭീഷൽ-
ഭഞ്ജനം ഭഗവതീ തനോതു മേ. ൩.

തിങ്കൾമൌലിമകളായ മങ്കയെൻ-
സങ്കടം സകലമാശു പോക്കിടും
ശങ്കയില്ല മമ തെല്ലുമംബിക-
യ്ക്കെങ്കലുണ്ടു കൃപ വേണ്ടുവോളവും. ൪.

കുണ്ഡലീകൃതമഹാമതംഗജാ
മണ്ഡലാഗ്രവരലാലസൽഭുജാ
ചണ്ഡവൈരിജനഭഞ്ജനീ വിപൽ-
ഖണ്ഡനം വിതനുതാം മമേശ്വരീ, ൫.

ഭദ്രകാളി! കരുണാസമുദ്രമേ!
ഭദ്രമേകണമെനിക്കമന്ദ്രമായ്

രുദ്രലോചനസമുൽഭവേ! സദാ
ഛിദ്രസത്തിൽ മുഴുകട്ടെയെന്മനം. ൬.

കാളി! കാലരിപുഭാലദൃഷ്ടിയിൽ
കാളിടും കനലിൽനിന്നുദഞ്ചിതേ!
കേളിയാടുക മദാശയേ തമോ-
ധൂളിപാളികളകററിയെപ്പൊഴും. ൭.

ഉത്തമാംഗനികുരുംബഭാസുരേ!
കൃത്തദാരികപുരസ്സരാസുരേ!
നൃത്തമാടുക സദാ മദീയമാം
ചിത്തരംഗമതിലാത്തകൌതുകം. ൮.

അട്ടഹാസമുഖരേ! ശിരോഘടാ-
ഘട്ടനോദ്ധതഘനേ! ഹതാഹിതേ!
തിട്ടമെന്നിലനുകമ്പചെയ്ക ഞാൻ
പെട്ട കഷ്ടതകൾ പേർത്തുരയ്ക്കണോ? ൯.

ആളീവർഗ്ഗമതിൽ പ്രധാനതയെഴും
ക്രൂളീകലാസേവിതേ!
കാളി! താപമപാകരിക്ക തരസാ
കാളീടുമെന്മാനസാൽ
നാളീകേക്ഷണനാദിയായ ദിവിഷൽ-
പാളീസമാരാധിതേ!
വ്യാളീബദ്ധകരാളപിംഗലജടാ-
ചൂളീലസന്മസ്തകേ. ൧൦.

ശുഭമസ്തു.

# അബദ്ധ സുബദ്ധ പട്ടിക.

| വശം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| III. | ൨൧ | രി | രീ |
| V. | ൨൦ | യ ഭ | യഭ |
| VI. | ൬ | ച്ച | ച്ഛ |
| VII. | ൩൨ | ത കാ | തകാ |
| ,, | ൨൦ | കംചെ | കം ചെ |
| ൧. | ൧൨ | ണ ചെ | ണചെ |
| ൪. | ൧൫ | ന്ദ സു | ന്ദസു |
| ൭. | ൧ | ക്ഷി ജ്ജ | ക്ഷീജ്ജ |
| ,, | ,, | ലി മൌ | ലിമൌ |
| ൯. | ൨ | ണ്ടോ | ണ്ടാ |
| ൬. | ൧൨ | ന കാ | നകാ |
| ൨൦ | ൧൩ | ക | കു |

# മററു പ്രസിദ്ധീകരണങ്ങൾ.

| | ക. | ണ. | പ. |
|---|---|---|---|
| ശ്രീപത്മനാഭപാദ പത്മശതകം ... | ൦ — | ൨ — | ൪ |
| ശ്രീഗുരുവായു പുരേശസ്തവം ... | ൦ — | ൧ — | ൪ |
| മയൂരസന്ദേശം ... ... | ൦ — | ൮ — | ൦ |
| അമരുകശതകം ... ... | ൦ — | ൮ — | ൦ |
| മണിപ്രവാളശാകുന്തളം (നാടകം) | ൧ — | ൪ — | ൦ |
| അക്ബർ ... ... ... | ൦ — | ൧൪ — | ൦ |
| വിജ്ഞാന മഞ്ജരി ... ... | ൦ — | ൪ — | ൦ |
| കേരളവർമ്മ [൧-ാം ഭാഗം] ... | ൧ — | ൦ — | ൦ |
| മഹച്ചരിത സംഗ്രഹം ... ... | ൦ — | ൧൦ — | ൦ |
| സന്മാർഗ്ഗപ്രദീപം. ... ... | ൦ — | ൩ — | ൬ |
| ശ്രീരാമചന്ദ്രവിലാസം (കാവ്യം.) | ൧ — | ൦ — | ൦ |
| കുമാരസംഭവം. ... ... | ൦ — | ൮ — | ൦ |
| കഥാരത്നമാല. ... ... | ൦ — | ൬ — | ൦ |
| വനജാക്ഷി. ... ... | ൦ — | ൪ — | ൦ |
| സരളയുടെ പെട്ടി. ... ... | ൦ — | ൪ — | ൦ |
| സിംഹവും സുമതിയും. ... | ൦ — | ൪ — | ൦ |
| പ്രകൃതിപാഠങ്ങൾ. ... ... | ൦ — | ൫ — | ൦ |
| മലയാള ശാകുന്തളം. ... | ൦ — | ൧൦ — | ൦ |

ബി. വി. ബുക്ക് ഡിപ്പോ.

തിരുവനന്തപുരം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA2.          Acc. No. 13444

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MA2
Cl. No. KRR. 5 Acc. No. 13444
Author കേരളവർമ്മ, സി. ജോസ്
Title സ്തുതി ശതകം.
Date D

MA2. 13444
KRR. 5.

കേരളവർമ്മ, സി. ജോസ്
സ്തുതിശതകം.